കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല- പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി വിട്ടു നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 3320/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 1-12-12

**പരാമർശം :-**

1. പഞ്ചായത്ത് ഡയറക്ടറുടെ 12/07/2012 ലെ സി2 19678/2012 നമ്പർ കത്ത്
2. പള്ളിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 12/11/2012 ലെ 6(2)നമ്പർ തീരുമാനം
3. പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/11/2012 ലെ എ-7386/12 നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത് വക പള്ളിപ്പാട് വില്ലേജ് സർവെ 419/6, 419/7 നമ്പരുകളിൽപ്പെട്ട 30.20 ആർ സ്ഥലം സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതിലേക്ക് വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുനല്കുന്നതിന് പരാമർശം(2)പ്രകാരം തീരുമാനമെടുത്ത് പരാമർശം(3)പ്രകാരം സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതിലേക്ക് വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുനല്കുന്നതിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പള്ളിപ്പാട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

**To**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A, തിരുവനന്തപുരം
ഡയറക്ടർ,വ്യാവസായിക പരിശീലന വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്, പള്ളിപ്പാട് പി.ഒ,ആലപ്പുഴ 690512
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.